(എഫ്) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി വയോജനങ്ങൾക്കായി "ഏകോപിത പരിപാടി" എന്ന പേരിൽ വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ, മെഡികെയർ സെന്ററുകൾ തുടങ്ങിയവ നടത്തുന്നതിനുവേണ്ടി സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിപ്രകാരം സന്നദ്ധസംഘടനകളുടെ കേന്ദ്രസഹായത്തിനുള്ള അപേക്ഷകൾ സാമൂഹ്യക്ഷേമ വകുപ്പ് വഴിയാണ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത് എന്നാൽ ഈ പദ്ധതിപ്രകാരം സന്നദ്ധ സംഘടനകൾക്ക് കേന്ദ്രസർക്കാർ നേരിട്ടാണ് ധനസഹായം അനുവദിക്കുന്നത്.

സാമൂഹ്യക്ഷേമ വകുപ്പിലെ ക്ഷേമ പെൻഷനുകൾ

37 [2164] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പിൽ നിലവിൽ ഏതെല്ലാം ക്ഷേമപെൻഷനുകളാണ് വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പെൻഷനും എത്ര മാസത്തെ കുടിശ്ശികയുണ്ട്?

ഉത്തരം

(എ) അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും ഉള്ള പ്രത്യേക പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പ് വിതരണം ചെയ്യുന്നത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പാക്കിയ പദ്ധതികൾ

38 [2165] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 മുതൽ 2003-2004 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കിയ പദ്ധതികൾ, ബജറ്റിൽ വിലയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ അടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷവും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടും പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കുവാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2003-2004 വരെ സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെയും ബഡ്ജറ്റ് വിഹിതം, ചെലവഴിച്ച തുക എന്നിവയുടെയും സ്റ്റേറ്റ്മെന്റുകൾ ഉള്ളടക്കം ചെയ്യുന്നു†.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001-2002 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ എല്ലാ ശീർഷകങ്ങളിലും ചെലവ് വന്നിട്ടുണ്ട്.

(സി) 2002-03 സാമ്പത്തിക വർഷത്തിൽ 'സോഷ്യൽ സേഫ്റ്റി നെറ്റ്' ഇനത്തിൽ 25 കോടി രൂപ അനുവദിച്ചിരുന്നു എങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ അംഗീകരിച്ച് ലഭിക്കാത്തതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. ചട്ടങ്ങൾ അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുവാൻ കഴിയുന്നതാണ്. ആവശ്യമായ അപേക്ഷകരില്ലാത്തതുകാരണം ചില ശീർഷകങ്ങളിൽ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ശീർഷകങ്ങളിലെ തുക സർക്കാരിന്റെ അനുമതിയോടുകൂടി ആവശ്യമുള്ള ശീർഷകങ്ങളിലേക്ക് മാറ്റി ചെലവഴിച്ചിട്ടുണ്ട്.

2003-04 സാമ്പത്തികവർഷം:

(1) തിരുവനന്തപുരം സി. എച്ച്. മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി റിറ്റാർഡഡ് (എസ്.ഐ.എം.എച്ച്.) എന്ന സ്ഥാപനത്തിലേക്ക് ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന 50 ലക്ഷം രൂപയിൽ 4.70 ലക്ഷം മാത്രമേ ചെലവഴിച്ചിട്ടുള്ളു. ആവശ്യമായ പ്രൊപ്പോസലുകൾ സ്ഥാപനത്തിൽനിന്നും സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാത്തതു കാരണമാണ് തുക ചെലവഴിക്കുന്നതിന് കഴിയാതിരുന്നത്.

(2) വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് 20 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 92,000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. തിരുവനന്തപുരം, കോഴിക്കോട് വി.റ്റി.സി.-കളിൽ മൂന്നുവീതം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനാണ് തൻവർഷം വകകൊള്ളിച്ചിരുന്നത്. എന്നാൽ തിരുവനന്തപുരം വി.റ്റി.സി.-യിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുവാദം ലഭിച്ചത് മാർച്ച് മാസത്തിലായതിനാൽ തുക ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നില്ല. കോഴിക്കോട് മൂന്ന് കോഴ്സുകൾക്ക് അനുമതി ലഭിച്ചിരുന്നു എങ്കിലും ഒരു കോഴ്സ് മാത്രമേ ആരംഭിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. രണ്ട് കോഴ്സുകൾക്ക് ആവശ്യമായ അപേക്ഷകൾ പ്രസ്തുത സാമ്പത്തിക വർഷം ലഭിച്ചിരുന്നില്ല. കൂടാതെ രണ്ട് വി. റ്റി. സി.-കളിലും ബുക്ക് ബൈന്റിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിരുന്നു എങ്കിലും ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായപ്പോൾ സാമ്പത്തിക വർഷം അവസാനിച്ചിരുന്നതിനാൽ ചെലവ് വന്നിരുന്നില്ല.

(3) പുതിയ സാമൂഹ്യ സംരംഭങ്ങൾക്കായി 165 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 3.96 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. തിരുവനന്തപുരത്തും കോഴിക്കോടും പുരുഷൻമാർക്കുള്ള ആശാഭവനുകൾ സ്ഥാപിക്കുന്നതിന് തുക നീക്കിവച്ചിരുന്നുവെങ്കിലും അവ ആരംഭിക്കുന്നതിനുള്ള അനുമതി വർഷാവസാനം മാത്രമേ ലഭ്യമായിരുന്നുള്ളൂ എന്നതിനാൽ തുക ചെലവഴിക്കുവാൻ കഴിഞ്ഞില്ല. ബുദ്ധിമാന്ദ്യമുള്ളവർക്കായി തൃശ്ശൂരിൽ സ്ഥാപനം തുടങ്ങുന്നതിന് 2003-2004 വർഷം അനുമതി ലഭിക്കാതിരുന്നതിനാൽ ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ വികലാംഗരുടെ സർവ്വേ നടത്തുന്നതിനുള്ള പദ്ധതിയ്ക്ക് സർക്കാരിൽനിന്നും അനുമതി ലഭിക്കുകയുണ്ടായില്ല. വികലാംഗർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതിക്ക് സാമ്പത്തിക വർഷാവസാനമാണ് അനുമതി ലഭിച്ചത്. ആയതിനാൽ അപേക്ഷ ക്ഷണിച്ച് പണം ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(4) വകുപ്പ് ജീവനക്കാർക്കുള്ള ഇൻസർവ്വീസ് ട്രെയിനിംഗിന് 15 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 8.34 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ട്രഷറി നിയന്ത്രണംമൂലം ഷെഡ്യൂൾ പ്രകാരം ട്രെയിനിംഗ് നൽകാൻ കഴിയാതിരുന്നതാണ് കാരണം.

(5) സാമൂഹ്യക്ഷേമവകുപ്പ് ശക്തിപ്പെടുത്തുന്നതിനായി 30 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നതിൽ 7.12 ലക്ഷം രൂപ മാത്രമേ ചെലവായിട്ടുള്ളൂ. സാമൂഹ്യ ക്ഷേമ ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളുമായും ബന്ധിപ്പിക്കുന്നതിനുള്ള സോഫ്റ്റ്വെയർ സംവിധാനം നിലവിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസലിന് പ്രസ്തുത വർഷം സർക്കാർ അനുമതി ലഭിക്കാതിരുന്നതിനാലാണ് ബാക്കി തുക ചെലവഴിക്കുവാൻ കഴിയാതിരുന്നത്.

(6) സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയതിൽ 65.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(7) അംഗൻവാടി സെന്ററുകൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കുന്നതിന് 61 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 7.38 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അംഗൻവാടികളിൽ കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിനുള്ള പ്രൊപ്പോസലിൻമേൽ ഐ. റ്റി. വകുപ്പിന്റെ ക്ലിയറൻസ് ലഭിച്ച് ഭരണാനുമതി ലഭിച്ചത് മാർച്ച് മാസം അവസാനത്തോടുകൂടിയാണ്. അതിനാൽ കമ്പ്യൂട്ടറുകളും മറ്റും വാങ്ങാൻ കഴിഞ്ഞില്ല.

(8) സംയോജിത വനിതാ വികസന പദ്ധതിയിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 45 ലക്ഷം രൂപ മാത്രമേ ചെലവായുള്ളൂ. ട്രഷറി നിയന്ത്രണംമൂലമാണ് മുഴുവൻ തുകയും ചെലവഴിക്കുവാൻ കഴിയാതിരുന്നത്.

(9) ദേശീയ പോഷകാഹാര മിഷൻ എന്ന പദ്ധതി പുതുതായി ആരംഭിച്ച പദ്ധതിയായതിനാൽ വകയിരുത്തിയ മുഴുവൻ തുകയും തൻവർഷം ചെലവഴിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പദ്ധതി ഒരു തുടർ പദ്ധതിയായതിനാൽ തുക തുടർന്നുള്ള വർഷത്തിൽ ചെലവഴിക്കുവാൻ സാധിക്കുന്നതാണ്.

ഐ. ഡി. സി. എസ്. പ്രോജക്ടുകളിലെ ക്ഷേമപ്രവർത്തനങ്ങൾ

39 [2166] ശ്രീ. സി. കെ. നാണു:

,, എ. സി. ഷൺമുഖദാസ്:

,, കെ. പി. മോഹനൻ:

ഡോ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. സി. ഡി. എസ്. പ്രോജക്ടുകളിൽ അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനുവേണ്ടി നടത്തുന്ന പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഗവൺമെന്റ് തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly